<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4712</u> <u>02-07-2024 - ൽ മറുപടിയ്ക്ക്</u>

<u>വാട്ടർ മീറ്ററുകൾ മാറ്റുന്നതിനുള്ള ചാർജ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാട്ടർ മീറ്ററുകൾ മാറ്റുന്നതിനുള്ള ചാർജിൽ വർദ്ധന വരുത്തുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (എ) | 1991 -ലെ വാട്ടർ സപ്ലൈ റെഗുലേഷനിലെ G.O (Ms)No.318/91/LAD തീയതി 04/12/1991 പ്രകാരം നടപ്പിലാക്കിയ നിരക്കായ 10/- രൂപ മാത്രമാണ് വാട്ടർ മീറ്റർ മാറ്റുന്നതിന് നിലവിലുള്ളത്. മുപ്പത്തിമൂന്ന് വർഷമായി ഈ നിരക്ക് വർദ്ധിപ്പിച്ചിട്ടില്ല. ആയതിനാൽ വാട്ടർ മീറ്റർ മാറ്റുന്നതിനുള്ള നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം കേരള വാട്ടർ അതോറിറ്റിയുടെ ബോർഡ് അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സീവേജ് കണക്ഷനുമായി ബന്ധപ്പെട്ട ഫീസ് വർദ്ധനയ്ക്ക് കേരള വാട്ടർ അതോറിറ്റി സർക്കാരിലേക്ക് ശിപാർശ നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | 21.11.2022 ലെ സ.ഉ(പി) നം. 28/2022/ജവിവ പ്രകാരമാണ് സീവറേജ് കണക്ഷൻ നൽകുന്നതിനുള്ള ഫീസ് നിശ്ചയിച്ചിരിക്കുന്നത്. സീവേജ് കണക്ഷനുമായി ബന്ധപ്പെട്ട ഫീസ് വർദ്ധനയ്ക്ക് കേരള വാട്ടർ അതോറിറ്റി സർക്കാരിലേക്ക് ശിപാർശ നൽകിയിട്ടില്ല. |
| (സി) | നിലവിൽ സീവേജ് കണക്ഷന് എത്ര തുകയാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; വാട്ടർ മീറ്ററുകൾ മാറ്റുവാൻ നിലവിൽ എത്ര രൂപയാണ് ഈടാക്കുന്നതെന്ന് അറിയിക്കാമോ? | (സി) | 21.11.2022 ലെ സ.ഉ(പി) നം.28/2022/ജവിവ പ്രകാരം നിലവിൽ ഗാർഹിക/ഫ്ലാറ്റ് സീവറേജ് കണക്ഷൻ നൽകുന്നതിനായി 1500/- രൂപയും ഗാർഹികേതര/നിർമ്മാണ ആവശ്യങ്ങൾക്ക് നൽകുന്ന സീവറേജ് കണക്ഷന് 2500/- രൂപയും വ്യാവസായിക ആവശ്യങ്ങൾക്ക് നൽകുന്ന സീവറേജ് കണക്ഷന് 5000/- രൂപയുമാണ് ഫീസായി ഈടാക്കുന്നത്. വാട്ടർ സപ്ലൈ റെഗുലേഷൻ 1991, 17 (a) പ്രകാരം വാട്ടർ മീറ്ററുകൾ മാറ്റുന്നതിന് നിലവിലെ ചാർജ് 10/- രൂപയാണ്. |

സെക്ഷൻ ഓഫീസർ